*12-10-2026*

*Calling Attention*

**ശ്രദ്ധക്ഷണിക്കൽ**

(1) കുടിവെള്ള വിതരണത്തിനായി സംസ്ഥാന ദുരന്തനിവാരണ ഫണ്ടിൽനിന്നും തുക അനുവദിക്കുന്നത് സംബന്ധിച്ച്

ശ്രീമതി ഷാനിമോൾ ഉസ്മാൻ (ബഹു. ഡെപ്യൂട്ടി സ്പീക്കർ): സർ, സംസ്ഥാനത്ത് പലയിടങ്ങളിലും വിവിധ കാരണങ്ങളാൽ തുടർച്ചയായി കുടിവെള്ളം മുടങ്ങുന്നുണ്ട്. സാങ്കേതിക പ്രശ്നങ്ങളുടെ കാരണത്താൽ ഒരാഴ്ചയും അതിലധികവുമൊക്കെ കുടിവെള്ളം ലഭിക്കാതെ വരുന്ന ഇടങ്ങളിൽ കുടിവെള്ളം എത്തിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ഉന്നയിക്കുന്നത്. ഫണ്ടിന്റെ അപര്യാപ്തതമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാഹനങ്ങളിൽ കുടിവെള്ളം എത്തിക്കാൻ കഴിയുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലെ കുത്തിയതോട്, തുറവൂർ, കോടംതുരുത്ത് പഞ്ചായത്തുകളിലെ പലയിടങ്ങളിലും നാഷണൽ ഹൈവേയുടെ പണിയുമായി ബന്ധപ്പെട്ടുംമറ്റും ആഴ്ചകളോളം കുടിവെള്ളം മുടങ്ങുന്ന സാഹചര്യം നിലവിലുണ്ട്. ബഹുമാനപ്പെട്ട ജലവിതരണ വകുപ്പുമന്ത്രി ഇടപെട്ട് ശാശ്വത പരിഹാരത്തിനായി നടപടികൾ തുടങ്ങിയിട്ടുണ്ടെന്നുള്ളത്

പ്രതീക്ഷാനിർഭരമാണ്. ഇത്തരം സാഹചര്യങ്ങളിൽ കുടിവെള്ളം ജന്മാവകാശമായി കണക്കാക്കി, ദുരന്തനിവാരണ ഫണ്ടിൽനിന്ന് തുക അനുവദിച്ച് വാട്ടർ അതോറിറ്റിയുടെ പ്ലാന്റിൽ നിന്നും വാഹനങ്ങളിൽ വെള്ളം എത്തിക്കുന്നതിന് വേണ്ടിയുള്ള നടപടിയുണ്ടാകണമെന്നുള്ളതാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഉദ്ദേശിക്കുന്നത്.

<u>മി.സ്പീക്കർ</u>: ദീർഘകാലത്തിനുശേഷമാണ് ഡെപ്യൂട്ടി സ്പീക്കർ സഭയിൽ ഒരു ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. കഴിഞ്ഞ പ്രാവശ്യം ഇത് സഭ തീരുമാനിച്ചതാണ്. നമ്മുടെ ഡെപ്യൂട്ടി സ്പീക്കറെ അക്കാര്യത്തിൽ അഭിനന്ദിക്കുകയും ചെയ്യുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. എ. പി. അനിൽ കുമാർ</u>): സർ, അങ്ങ് സൂചിപ്പിച്ചതുപോലെ ശ്രദ്ധക്ഷണിക്കൽ ഏറെ ശ്രദ്ധേയമാണ്. കാരണം, വളരെക്കാലത്തിനുശേഷം ഡെപ്യൂട്ടി സ്പീക്കർ നിയമസഭയുടെ നടപടിക്രമങ്ങളുടെ ഭാഗമായ ശ്രദ്ധക്ഷണിക്കലിന്റെ ഭാഗമാകുന്നതിന് നമ്മുടെ നിയമസഭ സാക്ഷ്യം വഹിക്കുകയാണ്. അതിന് തുടക്കം കുറിച്ചത് ബഹുമാന്യയായ ഡെപ്യൂട്ടി സ്പീക്കർ ശ്രീമതി ഷാനിമോൾ ഉസ്മാനാണ്.

അവർ ഇവിടെ സൂചിപ്പിച്ച കാര്യം വളരെ ശ്രദ്ധേയമാണ്. വികസനപ്രവർത്തനങ്ങൾ നടക്കുന്നതിന്റെ ഭാഗമായി പലപ്പോഴും റോഡുപണി പൂർത്തീകരിച്ച് കഴിഞ്ഞ് ഉടൻതന്നെ പൈപ്പ്ലൈൻ പ്രവൃത്തികൾ പോലുള്ള മറ്റ് പ്രവൃത്തികൾ ആരംഭിക്കുന്നതിനാൽ റോഡുകൾ വീണ്ടും തകരാറിലാകുന്നു. പൈപ്പ്ലൈൻ പൊട്ടുകയും പലയിടങ്ങളിലും വെള്ളം ലഭിക്കാത്ത സാഹചര്യമുണ്ടാവുകയും ചെയ്യുന്നു. ഞാൻ കഴിഞ്ഞ തവണ എം.എൽ.എ. ആയിരിക്കുമ്പോൾ വിവിധ ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള ഇത്തരം തർക്കങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി പല യോഗങ്ങളും ചേരേണ്ടി വന്നിട്ടുണ്ട്. ഇത് എല്ലാ നിയോജകമണ്ഡലങ്ങളിലും നടക്കുന്ന കാര്യമാണ്. സഭയിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പുതിയ ഒരു നിർദേശമാണ് വച്ചത്. ഇത്തരം സന്ദർഭങ്ങളിൽ വാട്ടർ അതോറിറ്റിക്കോ തദ്ദേശസ്വയംഭരണ വകുപ്പിനോ ഫണ്ടിന്റെ അഭാവമുള്ളതിനാൽ കുടിവെള്ള വിതരണം നടത്താൻ കഴിയാതെ പോകുമ്പോൾ സംസ്ഥാന ദുരന്ത നിവാരണ വകുപ്പിൽനിന്ന് ഫണ്ട് പ്രൊവൈഡ് ചെയ്യാൻ കഴിയുമോയെന്നുള്ളതാണ് പ്രസക്തമായ ചോദ്യം. 2005-ലെ ദേശീയ ദുരന്ത

നിവാരണ നിയമത്തിലെ വ്യവസ്ഥകളും കേന്ദ്ര സർക്കാർ നിഷ്കർച്ചിട്ടുള്ള മാനദണ്ഡങ്ങളും പ്രകാരം, നിർമ്മാണപ്രവർത്തനങ്ങൾമൂലം പൈപ്പ് പൊട്ടുന്നത് അംഗീകൃത ദുരന്തമായി നിർവചിക്കപ്പെട്ടിട്ടില്ല. ആയതിനാൽ ഇത്തരം ആവശ്യങ്ങൾക്കായി സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും തുക അനുവദിക്കുന്നതിൽ നിലവിലെ ചട്ടപ്രകാരം നിർവാഹമില്ല. എന്നിരുന്നാലും പൊതുജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി സർക്കാർ മറ്റ് മാർഗങ്ങൾ പരിശോധിച്ചുവരികയാണ്. കുടിവെള്ള വിതരണം തടസ്സപ്പെടുന്ന പ്രദേശങ്ങളിൽ ജനങ്ങൾക്ക് അടിയന്തരമായി വാഹനങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് നിർബന്ധമാണ്. ഈ വിഷയം പരിഹരിക്കുന്നതിന് വിവിധ വകുപ്പുകൾ വളരെയേറെ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ജലവിഭവ വകുപ്പുമന്ത്രി അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നുണ്ടെന്ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർതന്നെ ഇവിടെ സൂചിപ്പിച്ചു. അതുപോലെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഫണ്ടിന്റെ അഭാവം ഗവൺമെന്റ്

ഗൗരവമായിത്തന്നെ കാണും. ആലപ്പുഴ ജില്ലയിലെ ഡെപ്യൂട്ടി സ്പീക്കറുടെ നിയോജകമണ്ഡലമായ അരൂരിലാണ് അരൂർ-തുറവൂർ ഉയരപ്പാത നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ്ലൈനുകൾ നിരന്തരമായി തകരാറിലാകുന്നതുമൂലം ഇത്തരം പ്രശ്നങ്ങളുള്ളത്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, വാട്ടർ അതോറിറ്റി, ഡെപ്യൂട്ടി സ്പീക്കറുടെ പ്രതിനിധി ഉൾപ്പെടെയുള്ളവരെ വിളിച്ചുചേർത്ത് അടിയന്തരമായി യോഗം ചേർന്ന് ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്യണമെന്ന് ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദേശം നൽകുന്നതാണ്. ഇക്കാര്യം പരിഹരിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ ഗവൺമെന്റിന് സമർപ്പിക്കണമെന്ന് നിർദേശം നൽകുന്നതാണ്.

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ(ബഹു. ഡെപ്യൂട്ടി സ്പീക്കർ)</u>: തീരപ്രദേശങ്ങളിൽ ആകമാനം ഇത്തരത്തിലുള്ള വിഷയങ്ങളുണ്ട്. അതുംകൂടി ശ്രദ്ധിക്കണമെന്ന് ഈ അവസരത്തിൽ പറയുകയാണ്.

*12-10-2026*

*Calling Attention*

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. കേരളത്തിലെ തീരപ്രദേശങ്ങളിലും മറ്റ് നിയോജകമണ്ഡലങ്ങളിലും ഈ പ്രശ്നം നേരിടുന്നുണ്ട്. ഈ പ്രശ്നം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ഗവൺമെന്റ് വളരെ ആഴത്തിൽ പരിശോധിക്കുന്നതാണ്.

(2) <u>സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ</u>

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, രാജ്യത്തെ ദാരിദ്ര്യ നിർമ്മാർജനത്തിൽ പ്രധാന പങ്കുവഹിച്ച മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർത്തലാക്കി 'വിബി-ജി റാം ജി' ആക്ട് നിലവിൽ വന്നിട്ട് മൂന്ന് മാസം പിന്നിടുകയാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് തൊഴിൽ ദിനങ്ങളുടെ എണ്ണത്തിൽ ഇപ്പോൾ നാലിലൊന്ന് കുറവ് അനുഭവപ്പെടുന്നുണ്ട്. കേരളത്തിൽ 2025 ജൂലൈ മുതൽ സെപ്റ്റംബർ വരെ 1.79 കോടി തൊഴിൽ ദിനങ്ങളാണുണ്ടായിരുന്നത്. എന്നാൽ ഈ വർഷം, കഴിഞ്ഞ മൂന്നുമാസത്തെ കണക്ക് പരിശോധിക്കുമ്പോൾ 1.30 കോടി തൊഴിൽ ദിനമായി അത് കുറഞ്ഞിട്ടുണ്ട്.

*12-10-2026*

*Calling Attention*

'വിബി-ജി റാം ജി' പദ്ധതി നടപ്പാക്കിയപ്പോൾ കേവലം മൂന്ന് മാസത്തിനിടയിൽ 49 ലക്ഷം തൊഴിൽ ദിനങ്ങളാണ് ഇല്ലാതായത്. തൊഴിൽ ആവശ്യപ്പെടുന്ന കുടുംബത്തിന് തൊഴിൽ നൽകുക എന്നതാണ് തൊഴിലുറപ്പ് പദ്ധതിയുടെ പ്രധാന സവിശേഷത. അവകാശാധിഷ്ഠിത സമീപനം എന്നാണ് അതിനെ പറയുന്നത്. പുതിയ നിയമപ്രകാരം കേന്ദ്രം നീക്കിവയ്ക്കുന്ന അലോക്കേഷൻ കഴിഞ്ഞുള്ള കൂലി മുഴുവനായും സംസ്ഥാനം വഹിക്കണമെന്ന നിലയാണുള്ളത്. കേന്ദ്രത്തിന്റെ നീക്കിവയ്ക്കൽ മതിയാകാത്ത സാഹചര്യത്തിൽ കേരളത്തിനാവശ്യമായ തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിന് സംസ്ഥാനം അധികമായി തുക വകയിരുത്തേണ്ടതുണ്ട്. എന്നാൽ കേന്ദ്ര വിഹിതത്തിന് ആനുപാതികമായ തുകപോലും സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടില്ല. കേന്ദ്ര വിഹിതമായി 3136 കോടി രൂപ അനുവദിച്ചപ്പോൾ അതിനാനുപാതികമായി 2090 കോടി രൂപ സംസ്ഥാനം വകയിരുത്തേണ്ടിയിരുന്നു. എന്നാൽ, 1422 കോടി രൂപ മാത്രമാണ് ബഹുമാനപ്പെട്ട വി. ഡി. സതീശൻ സർക്കാരിന്റെ ബജറ്റിൽ

വകയിരുത്തിയിട്ടുള്ളത്. ആവശ്യമായ തുകയെക്കാൾ 668 കോടിയിലധികം രൂപ കുറവാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. സംസ്ഥാന വിഹിതത്തിൽ വരുത്തിയ ഈ വൻകുറവ് കാരണം തൊഴിലുറപ്പ് ദിനങ്ങൾ വെട്ടിക്കുറയ്ക്കപ്പെടും. 60 ദിവസത്തെ നിർബന്ധിത കാർഷിക ഇടവേള തൊഴിലാളി വിരുദ്ധമാണ്. മുഴുവൻ തൊഴിലുറപ്പ് തൊഴിലാളികളും കാർഷിക പ്രവൃത്തിയിൽ ഏർപ്പെടുന്നില്ലെന്നിരിക്കെ തൊഴിൽ ആവശ്യപ്പെടുന്നവർക്ക് തൊഴിൽ നൽകേണ്ടതുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് കാർഷിക സീസൺ സംബന്ധിച്ച 60 ദിവസത്തെ ഇടവേളയിൽ തൊഴിൽ നഷ്ടപ്പെടുത്താത്ത നില ഉറപ്പുവരുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം. NMMS (National Mobile Monitoring System) അറ്റൻഡൻസ് ഉൾപ്പെടെയുള്ള സാങ്കേതിക സംവിധാനങ്ങൾ ശക്തമാക്കുന്ന സാഹചര്യത്തിൽ മൊബൈൽ ഫോൺ, ഇന്റർനെറ്റ് കണക്ടിവിറ്റി തുടങ്ങിയ പ്രശ്നങ്ങൾമൂലം യഥാർഥ തൊഴിലാളിക്ക് ജോലി ചെയ്തിട്ടും ഹാജർ രേഖപ്പെടുത്താൻ കഴിയാത്ത സാഹചര്യമുണ്ട്. സാങ്കേതിക പ്രശ്നങ്ങൾമൂലം തൊഴിലാളികളുടെ വേതനം

തടസ്സപ്പെടില്ലെന്ന് ഉറപ്പുവരുത്തണം. കേരളത്തിൽ തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിലുണ്ട്. പുതിയ നിയമത്തിലേയ്ക്കുള്ള മാറ്റത്തോടെ ക്ഷേമനിധി ആനുകൂല്യങ്ങൾ ഒരുകാരണവശാലും നഷ്ടപ്പെടാൻ പാടില്ല. വിദഗ്ദ്ധ വേതനം കൂടുതലുള്ള പ്രവൃത്തികൾ ഒഴിവാക്കി, പ്രത്യേകിച്ച് അവിദഗ്ദ്ധ തൊഴിലാളികൾക്കുള്ള തൊഴിൽ സാധ്യതകളെ പൂർണ്ണമായി ഒഴിവാക്കിയിരിക്കുകയാണ്. ഇത് പുനഃപരിശോധിക്കണം. കേരളത്തിലെ ഭൂപ്രകൃതിക്ക് അനുയോജ്യമായ നീർത്തടാധിഷ്ഠിത മേഖലയിലെ മണ്ണ്, കല്ല് കയ്യാല, ബണ്ട് എന്നീ പ്രവൃത്തികളൊന്നും നിലവിലെ ആക്റ്റിൽ ഉൾപ്പെടുന്നില്ല. മുൻ സാമ്പത്തിക വർഷങ്ങളിലെ കണക്ക് പരിശോധിച്ചാൽ കേരളത്തിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിൽ ഈ പ്രവൃത്തികൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ടി പ്രവൃത്തികൾ നീക്കം ചെയ്യപ്പെടുന്നതോടുകൂടി തൊഴിൽ ദിനങ്ങളുടെ എണ്ണം നഷ്ടപ്പെടാൻ സാധ്യതയുണ്ട്. അതുകൊണ്ട് മേൽ സൂചിപ്പിച്ച പ്രവൃത്തികൾകൂടി ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഇടപെടണം. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത റോഡുകൾ

*12-10-2026*

## *Calling Attention*

കേരളത്തിന്റെ ഗ്രാമീണ വികസനത്തിന് വലിയ പങ്കുവഹിച്ചിട്ടുണ്ട്. പുതിയ ആക്റ്റ് നിലവിൽ വന്നതിനുശേഷം നാളിതുവരെ വിരലിലെണ്ണാവുന്ന മെറ്റീരിയൽ പ്രവൃത്തികൾ മാത്രമാണ് സംസ്ഥാനത്തിന് ഏറ്റെടുക്കാൻ സാധിച്ചിട്ടുള്ളത്. ഇതിന്റെ കാരണം കണ്ടെത്തി പരിഹരിക്കാൻ കഴിയണം. പുതിയ നിയമം നടപ്പാക്കുന്നതിനുമുമ്പും ശേഷവുമുണ്ടായ സാമ്പത്തികവും സാമൂഹ്യവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്താൻ തൊഴിലാളി സംഘടനകൾ, കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുമായി ചർച്ച നടത്തി പദ്ധതി നടപ്പാക്കൽ നിരീക്ഷിക്കുന്നതിനായി അവർകൂടി ഉൾപ്പെടുന്ന ഒരു മോണിട്ടറിങ് സംവിധാനം അടിയന്തരമായി ഏർപ്പെടുത്തണം. മുമ്പുണ്ടായിരുന്നതിൽനിന്നും വ്യത്യസ്തമായി ഗ്രാമപഞ്ചായത്തുകൾ ബില്ലുകൾ തയ്യാറാക്കി ട്രഷറിക്ക് സമർപ്പിക്കണമെന്നതിനാൽ, നിലവിൽ പല പഞ്ചായത്തുകളിലും കൂലി വിതരണം വൈകുന്നുണ്ട്. ട്രഷറിയിൽ കൃത്യസമയത്ത് ബിൽ കൊടുത്തോ ഇല്ലയോയെന്ന് തൊഴിലാളിക്ക് പബ്ലിക് പോർട്ടലിൽ അറിയുന്നതിനുള്ള ഡാഷ് ബോർഡ് സംവിധാനം

നടപ്പാക്കണം. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പൂർണ്ണമായും നിലച്ചിരിക്കുന്നു. ട്രൈബൽ പദ്ധതിയിൽ 200 തൊഴിൽ ദിനങ്ങൾ ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം. നഗരത്തിലെ ദരിദ്ര കുടുംബങ്ങൾക്ക് ആശ്വാസമേകുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാന ബജറ്റ് പിന്തുണ ഉറപ്പാക്കി പുനരുജ്ജീവിപ്പിക്കണം. 'വിബി-ജി റാം ജി' പദ്ധതി നടപ്പാക്കുകവഴി അതിനുവേണ്ടി രൂപീകരിച്ച സ്റ്റേറ്റ് ലെവൽ സ്റ്റിയറിങ് കമ്മിറ്റി ഫലപ്രദമായി തൊഴിൽ-വേതന ഫണ്ട് മോണിട്ടറിങ് സംവിധാനം ഉറപ്പാക്കണം. പുതിയ നിയമം പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ വികസനവും ഗ്രാമീണ സമ്പദ്‌വ്യവസ്ഥയും തൊഴിലുറപ്പ് തൊഴിലാളികളും നേരിടുന്ന വേതന/ക്ഷേമ പ്രതിസന്ധിയിലേക്ക് ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി): സർ, 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പാർലമെന്റ് പിൻവലിക്കുകയും **'വിബി-ജി റാം ജി'** 2025 നിയമം കൊണ്ടുവരികയും പ്രസ്തുത നിയമം 2026 ജൂലൈ 1 മുതൽ

രാജ്യത്താകമാനം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. പുതിയ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതിക്കുവേണ്ടി നീക്കിവയ്ക്കുന്ന കേന്ദ്ര-സംസ്ഥാന വിഹിതത്തിൽ വ്യത്യാസം വന്നിട്ടുണ്ട്. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ വേതനം, ഭരണച്ചെലവ് എന്നിവയുടെ നൂറ് ശതമാനവും കേന്ദ്ര സർക്കാരാണ് വഹിച്ചിരുന്നത്. സാധന സാമഗ്രികളുടെ ചെലവ് കേന്ദ്രവും സംസ്ഥാനവും യഥാക്രമം 75:25 എന്ന അനുപാതത്തിലായിരുന്നു വഹിച്ചിരുന്നത്. എന്നാൽ പുതിയ പദ്ധതിയിൽ എല്ലാ ഘടകങ്ങളുടെയും കേന്ദ്ര-സംസ്ഥാന വിഹിതം 60:40 എന്നാക്കി മാറ്റിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ച് നൽകുന്ന അലോക്കേഷന് ഉപരിയായി വരുന്ന മുഴുവൻ ചെലവും സംസ്ഥാനം വഹിക്കണമെന്നും നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. രാജ്യത്താകമാനം നടപ്പാക്കുന്ന നിയമം എന്ന നിലയിൽ ഈ നിയമത്തിന്റെ വ്യവസ്ഥകൾ പാലിക്കാൻ കേരളവും ബാധ്യസ്ഥമാണ്. സംസ്ഥാനത്തിന് അധിക ബാധ്യതയുണ്ടാകുമെങ്കിലും പദ്ധതി വിജയകരമായി നടപ്പാക്കുന്നതിനും തൊഴിലാവശ്യപ്പെടുന്ന എല്ലാ തൊഴിലാളികൾക്കും തൊഴിൽ നൽകുന്നതിനുമുള്ള നടപടികൾ സംസ്ഥാനം

സ്വീകരിച്ചിട്ടുണ്ട്. രാജ്യത്ത് എല്ലാ ഗ്രമാപഞ്ചായത്തുകളിലും പുതിയ പദ്ധതി ആരംഭിക്കാൻ കഴിഞ്ഞ ആദ്യ സംസ്ഥാനം കേരളമാണ്. 09-10-2026-ലെ കേന്ദ്ര സർക്കാരിന്റെ കണക്കുകൾ പരിശോധിച്ചാൽ, കേരളത്തെ കൂടാതെ മിസോറാം, ലഡാക്ക് എന്നീ സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങളിൽ മാത്രമാണ് എല്ലാ ഗ്രാമപഞ്ചായത്തുകളിലും പുതിയ പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ളത്. 2025-26 സാമ്പത്തിക വർഷത്തിൽ 12.52 ലക്ഷം കുടുംബങ്ങൾ പദ്ധതിയിൽ തൊഴിൽ ചെയ്തിരുന്നു. നിലവിൽ 17.7 ലക്ഷം സജീവ കുടുംബങ്ങളാണ് പദ്ധതിയിലുള്ളത്. ഇതിൽ 7.50 ലക്ഷം കുടുംബങ്ങൾ പദ്ധതി ആരംഭിച്ച 01-07-2026 മുതൽ ഇതുവരെ, അതായത് 09-10-2026 വരെ തൊഴിൽ ചെയ്തിട്ടുണ്ട്. തൊഴിൽ ആവശ്യപ്പെട്ട് വരുന്ന മുഴുവൻ കുടുംബങ്ങൾക്കും തൊഴിൽ നൽകുന്നതിനുള്ള നടപടിയും സംസ്ഥാനം സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ ആവശ്യപ്പെട്ട 932130 കുടുംബങ്ങൾക്കും തൊഴിൽ നൽകാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കണക്കുകൾ പ്രകാരം തൊഴിൽ ആവശ്യപ്പെട്ട എല്ലാ കുടുംബങ്ങൾക്കും തൊഴിൽ നൽകാൻ കഴിഞ്ഞ ഏക സംസ്ഥാനവും

കേരളമാണ്. പുതിയ നിയമം സംസ്ഥാനത്തിന് അധിക ബാധ്യതയുണ്ടാക്കിയിട്ടുണ്ടെങ്കിലും തൊഴിലാളികളുടെ തൊഴിൽ ആവശ്യങ്ങൾക്കും പദ്ധതി നടത്തിപ്പിനും ആവശ്യമായ വിഹിതം സംസ്ഥാനം അനുവദിച്ച് നൽകിയിട്ടുണ്ട്. തൊഴിലാളികൾക്കുള്ള വേതനത്തിനായി കേന്ദ്രം അനുവദിച്ച 540.07 കോടി രൂപയ്ക്ക് ആനുപാതിക വിഹിതമായ 342.72 കോടി രൂപ സംസ്ഥാനം അനുവദിച്ചിട്ടുണ്ട്. അതുപോലെ  സാധന സാമഗ്രികളുടെ വിഹിതമായി അനുവദിച്ച 342.75 കോടി രൂപയ്ക്ക് ആനുപാതികമായി 228.48 കോടി രൂപയും സംസ്ഥാനം അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് അപ്രതീക്ഷിതമായുണ്ടായ അധിക ബാധ്യതയാണെങ്കിലും തൊഴിലുറപ്പ് പദ്ധതി ഉപജീവനമാക്കിയ തൊഴിലാളികളുടെ ഉപജീവനം ഉറപ്പുവരുത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും സംസ്ഥാനം സ്വീകരിച്ചുവരുന്നുണ്ട്. പുതിയ നിയമത്തിലെ വ്യവസ്ഥ പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ 60 ദിവസം പദ്ധതി നിർത്തിവയ്ക്കണമെന്ന നിർദേശമുണ്ട്. നിയമത്തിലെ വ്യവസ്ഥ എന്ന നിലയിൽ ഇത് പാലിക്കാൻ

സംസ്ഥാനം ബാധ്യസ്ഥമാണ്. ഓരോ ഗ്രാമപഞ്ചായത്തിന്റെയും പ്രാദേശിക സാഹചര്യം വിലയിരുത്തി ഈ കാലാവധി നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം സംസ്ഥാനം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ 60 ദിവസം പദ്ധതി നിർത്തിവയ്ക്കേണ്ടിവരുമെങ്കിലും ലഭ്യമായ ദിനങ്ങളിൽ പരമാവധി കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിനുള്ള നടപടികളാണ് സംസ്ഥാനം സ്വീകരിച്ചുവരുന്നത്. തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിനായി NMMS മൊബൈൽ അധിഷ്ഠിത സംവിധാനം കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ നെറ്റ്വർക്ക് കണക്ടിവിറ്റി കുറവുള്ള സ്ഥലങ്ങളിലെങ്കിലും ഈ സംവിധാനത്തിന് ഇളവുനൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇത്തരം ഇളവ് നൽകാൻ കഴിയില്ലെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ കൂടുതൽ ഇടപെടൽ നടത്തി, തൊഴിലാളികൾ നേരിടുന്ന പ്രയാസങ്ങൾ വീണ്ടും കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരും. MGNREGS പദ്ധതിയിൽ ഉപയോഗിച്ചിരുന്ന മുഴുവൻ തൊഴിൽ കാർഡുകളും 'വിബി-ജി റാം ജി' പദ്ധതിയിൽ ലഭ്യമായിട്ടുണ്ട്. അതിനാൽ

ഈ കുടുംബങ്ങൾക്ക് തൊഴിൽ ആവശ്യപ്പെടുന്നതിന് തൊഴിൽ കാർഡുകൾ തടസ്സമാകില്ല. തൊഴിൽ ആവശ്യപ്പെടുന്ന എല്ലാ കുടുംബങ്ങൾക്കും തൊഴിൽ ലഭ്യമാക്കുന്നുണ്ട്. MGNREGS പദ്ധതി മാറി, നിയമത്തിന്റെ പശ്ചാത്തലത്തിൽ തൊഴിലുറപ്പ് ക്ഷേമനിധിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി വിലയിരുത്തിയശേഷം ഉചിതമായ തീരുമാനമെടുക്കുന്നതാണ്. തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി സംസ്ഥാന ബജറ്റിൽ 2544.42 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മാത്രവുമല്ല, കേന്ദ്ര സർക്കാർ പദ്ധതിക്കുവേണ്ടി അനുവദിച്ച തുകയുടെ ആനുപാതിക വിഹിതവും സംസ്ഥാനം അനുവദിച്ച് നൽകിയിട്ടുണ്ട്. നിലവിൽ രാജ്യത്ത് എല്ലാ ഗ്രാമപഞ്ചായത്തുകളിലും പദ്ധതി ആരംഭിച്ച മൂന്ന് സംസ്ഥാനങ്ങളിൽ/കേന്ദ്രഭരണ പ്രദേശങ്ങളിലൊന്ന് കേരളമാണ്. മാത്രമല്ല, തൊഴിൽ ആവശ്യപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും തൊഴിൽ നൽകാൻ കഴിഞ്ഞ ഏക  സംസ്ഥാനവും കേരളമാണ്. പുതിയ പദ്ധതി അധിക സാമ്പത്തിക ബാധ്യത സംസ്ഥാനത്തിനുണ്ടാക്കിട്ടുണ്ടെങ്കിലും അത്

തൊഴിലുറപ്പ് തൊഴിലാളികളുടെ തൊഴിൽ ആവശ്യത്തെ ബാധിക്കാതിരിക്കാനുള്ള നടപടികൾ സംസ്ഥാനം സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഇക്കഴിഞ്ഞ മൂന്ന് മാസത്തിനിടെ 49 ലക്ഷം തൊഴിൽ ദിനങ്ങളുടെ കുറവാണുണ്ടായിട്ടുള്ളത്. തൊഴിലാളികൾക്ക് ലഭിക്കേണ്ട കൂലിയിൽ ഇത്രയുമധികം, ഈ മൂന്നുമാസത്തിനിടയിൽതന്നെ കുറവുവന്ന സാഹചര്യം പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിരിച്ചിട്ടുള്ളത്?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി): സർ, 75 പ്രവൃത്തികളാണ് കേന്ദ്ര സർക്കാർ ലിസ്റ്റ് ചെയ്തിട്ടുള്ളത്. കനാൽ വർക്കുപോലെയുള്ള വളരെ പ്രധാനപ്പെട്ട പല വർക്കുകളും ഈ ലിസ്റ്റിലില്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം രണ്ടുതവണ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന്റെ ഇടപെടൽ ഇനിയുമുണ്ടാകുമെന്ന് അറിയിക്കുകയാണ്.